**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 378** **29-01-2024 - ൽ മറുപടിയ്ക്ക്**

**അവകാശിക്ക് സർവീസ് ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരസഭയിൽ സാനിട്ടേഷൻ വർക്കറായിരിക്കെ 2006-ൽ അന്തരിച്ച ഗോപിയുടെ സർവീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഭാര്യ സുലോചന സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; | (എ) | തിരുവനന്തപുരം നഗരസഭയിൽ ഫോർട്ട് സർക്കിളിലെ സാനിട്ടേഷൻ വർക്കറായിരിക്കെ 25.08.2006 ൽ മരണപ്പെട്ട വി.ഗോപിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 18.07.2022 ലാണ് ഗോപിയുടെ അനന്തരവകാശിയായ ഭാര്യ ശ്രീമതി.സുലോചന അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. GO (P) No.12/1999/P&ARD Dtd. 24.05.1999 ലെ ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 02 വർഷവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 03 വർഷത്തിനകവും ആണ്. 2022 ൽ ടിയാരി അപേക്ഷ സമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിഞ്ഞിട്ടുള്ളതും നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. KSR Part III Rule 120 പ്രകാരം 03 വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ അനുമതി ആവശ്യമായതിനാൽ സ്പഷ്ടീകരണത്തിനായി 30.09.2023 ന് നഗരസഭ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | അവകാശിക്ക് സർവീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; | (ബി) | തിരുവനന്തപുരം നഗരസഭയിൽ ഫോർട്ട് സർക്കിളിലെ സാനിട്ടേഷൻ വർക്കറായിരിക്കെ 25.08.2006 ൽ മരണപ്പെട്ട വി.ഗോപിയുടെ സർവ്വീസ് ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി 18.07.2022 ലാണ് ഗോപിയുടെ അനന്തരവകാശിയായ ഭാര്യ ശ്രീമതി.സുലോചന അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. GO (P) No.12/1999/P&ARD Dtd. 24.05.1999 ലെ ഖണ്ഡിക 19 പ്രകാരം ആശ്രിത നിയമനത്തിന് അപേക്ഷിക്കുന്നതിനുള്ള സമയപരിധി ജീവനക്കാരൻ മരണപ്പെട്ട തീയതി മുതൽ 02 വർഷവും അവകാശി മൈനർ ആണെങ്കിൽ മേജർ ആയി 03 |

| | | | |
|---|---|---|---|
| | | | വർഷത്തിനകവും ആണ്. 2022 ൽ ടിയാരി അപേക്ഷ സമർപ്പിക്കുമ്പോൾ 60 വയസ്സ് കഴിഞ്ഞിട്ടുള്ളതും നിശ്ചിത അപേക്ഷാ ഫോറത്തിൽ അപേക്ഷ സമർപ്പിച്ചിട്ടില്ലാത്തതുമാണ്. KSR Part III Rule 120 പ്രകാരം 03 വർഷത്തിനുശേഷം പെൻഷൻ അനുവദിക്കുന്ന വിഷയത്തിൽ സർക്കാർ അനുമതി ആവശ്യമായതിനാൽ സ്പഷ്ടീകരണത്തിനായി 30.09.2023 ന് നഗരസഭ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുള്ളതാണ്. പ്രസ്തുത അപേക്ഷ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | ഈ വിഷയം സംബന്ധിച്ച് അവസാനമായി നടത്തിയിട്ടുള്ള കത്തിടപാടുകളുടെ വിവരങ്ങൾ നൽകാമോ? | (സി) | തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറിയുടെ 30.09.2023 ലെ ജി.സി3/12738/2022 നമ്പർ കത്ത് പ്രകാരം അപേക്ഷ തിരുവനന്തപുരം ജില്ലാ ജോയിന്റ് ഡയറക്ടർക്ക് സമർപ്പിച്ചിട്ടുള്ളതും ടി വിഷയത്തിൽ ജില്ലാ ജോയിന്റ് ഡയറക്ടർ നടപടി സ്വീകരിച്ചു വരുന്നതുമാണ്. |

സെക്ഷൻ ഓഫീസർ